**ജില്ലാ മജിസ്ട്രേറ്റ് ,കോട്ടയത്തിന്റെ**
**ക്രിമിനൽ നടപടിചട്ടം 144 (1) പ്രകാരമുള്ള ഉത്തരവ്**
**(ഹാജർ : ഡോ.ബി എസ് തിരുമേനി , ഐ.എ.എസ് )**

DCKTM 241/2018-R7 തീയതി: 19/ 01/2018

**വിഷയം;- സാധാരണ മണ്ണ്, ചെളി, കല്ല്,ചെങ്കല്ല്,മണൽ തുടങ്ങിയ ധാതുക്കളുടെ അനധികൃത ഖനനവും നീക്കം ചെയ്യലും - നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്- സംബന്ധിച്ച് .**
**സൂചന- 18.01.2018 ൽ ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിന്റെ മിനിട്ടസ്**

കോട്ടയം ജില്ലയിൽ വ്യാപകമായും അനധികൃതമായും വലിയ അളവിൽ സാധാരണ മണ്ണ്,ചെളി,കല്ല്,ചെങ്കല്ല് എന്നീ ധാതുക്കളുടെ ഖനനവും നീക്കവും നടക്കുന്നതായി പരാതി ലഭിക്കുകയും അതിൻമേൽ അന്വേഷണം നടത്തിയതിൽ നിയമാനുസൃത പെർമിറ്റ് ഇല്ലാതെയും കെട്ടിട നിർമ്മാണത്തിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട നിർമ്മാണ പെർമിറ്റിന്റെ മറവിൽ ആവശ്യത്തിലധികം അളവ് സാധാരണ മണ്ണ് ഖനനം ചെയ്ത് നീക്കം ചെയ്യുന്നതായും കൂടാതെ മറ്റ് ധാതുക്കളും ഇപ്രകാരം കടത്തുന്നതായി ബോദ്ധ്യപ്പെട്ടു. മേൽ പ്രവൃത്തി ജില്ലയിലെ വരൾച്ചയ്ക്ക് ആക്കം കൂട്ടുന്നതായും അന്തരീക്ഷ മലിനീകരണവും, കുടിവെള്ള ക്ഷാമവും, ആരോഗ്യപ്രശ്നങ്ങളും, വർഷകാലത്ത് മണ്ണിടിച്ചിലും, അപകടങ്ങളും ഉണ്ടാകാൻ സാദ്ധ്യതയുള്ളതായി ബോദ്ധ്യപ്പെടുന്നു.ഭൂമിയുടെ ജലസംഭരണ ശേഷി അനിയന്ത്രിതമായ ഖനനം മൂലം കുറയുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

മേൽ പ്രകാരം ഉണ്ടായേക്കാവുന്ന ദുരന്തങ്ങൾ ഒഴിവാക്കുന്നതിനായി ജില്ലയിലെ മണ്ണെടുപ്പിന് താഴെ പറയുന്ന നിയന്ത്രണങ്ങൾ ക്രിമിനൽ നടപടിചട്ടം 144(1) പ്രകാരം ഏർപ്പെടുത്തി ഉത്തരവാകുന്നു.

**ഉത്തരവ്**

.

1. കെട്ടിട നിർമാണത്തിന് വേണ്ടി മണ്ണ് നീക്കം ചെയ്യുമ്പോൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്ന ഡവലപ്മെന്റ് പെർമിറ്റും പ്ളാനും അനുസരിച്ച് ഭൂമിയിൽ വില്ലേജ് ഓഫീസർ അടയാള പ്പെടുത്തി നൽകേണ്ടതും ഇതിനു ശേഷം പ്രസ്തുത ഡവലപ്മെന്റ് പ്ളാനിൽ വില്ലേജ് ഓഫീസർ ഒപ്പിട്ട് നൽകിയ ശേഷം പ്രസ്തുത സ്ഥലം ജിയോളജിസ്റ്റ് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതുമാണ്
2. ജിയോളജിസ്റ്റ് നൽകുന്ന ഉത്തരവിൽ അനധികത ഖനനം സംബന്ധിച്ച പിഴയെക്കുറിച്ചും വസ്തുവിൽ മിനറൽ ട്രാൻസിറ്റ് പാസ് നൽകിയതിനു ശേഷം നിശ്ചിത സമയത്തിനുള്ളിൽ നിർദ്ദിഷ്ട പണികൾ പൂർത്തീകരിച്ചില്ലെങ്കിൽ വസ്തു ഉടമയിൽ നിന്നും ഈടാക്കേണ്ട പിഴയെക്കുറിച്ചും 22.6.2017 ലെ G O (P) 25/2017 /ഐഡി പ്രകാരം ഉള്ള വിവരങ്ങൾ വ്യക്തമായി ചേർത്തിരിക്കണം
3. ജിയോളജിസ്റ്റിന്റെ ഉത്തരവിന്റെ തീയതിയ്ക്ക് 5 ദിവസത്തിന് ശേഷമുള്ള തീയതി മുതൽ മാത്രമേ ധാതുക്കൾ ഖനനം ചെയ്യുന്നതിനും നീക്കം ചെയ്യുന്നതിനും ജില്ലാ ജിയോളജിസ്റ്റ് അനുമതിനൽകാവൂ
4. ഇപ്രകാരം പെർമിറ്റ് ലഭിച്ച് റോയൽറ്റി അടച്ച ശേഷം പിന്നീട് അടയാളപ്പെടുത്തിയ ഏരിയായിൽ നിന്നോ, സമീപത്തു നിന്നോ, റോയൽറ്റി അടച്ച അളവിൽ കൂടുതൽ ഖനനം നടത്തുന്നതായോ, കടത്താൻ ശ്രമിച്ചതായോ, കടത്തിയതായോ ശ്രദ്ധയിൽപ്പെട്ടാൽ അനധികൃത ഖനനത്തിന് ബന്ധപ്പെട്ട പൊലീസ് ഉദ്യോഗസ്ഥർ/റവന്യൂ ഡിവിഷണൽ ഓഫീസർ/ തഹസിൽദാർ (എൽ ആർ)/ജിയോളജിസ്റ്റ് എന്നിവർ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. ഇപ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ മണ്ണ് അടക്കം എല്ലാ ധാതുക്കളും നീക്കം ചെയ്യുന്നതിന് സർക്കാർ നിശ്ചയിച്ചിരിക്കുന്ന റോയൽറ്റി മൈനിംഗ് & ജിയോളജി വകുപ്പിൽ അടച്ച് ആവശ്യമായ കടത്തു പാസ്സ് വാങ്ങിയിരിക്കേണ്ടതും മണ്ണുകൊണ്ടു പോകുന്ന ഓരോ വാഹനത്തിലും (ട്രിപ്പിലും) സാധാരണ മണ്ണ് കയറ്റിയ സമയം, തീയതി എത്തിച്ചേരുന്ന സ്ഥലം,

സമയം എന്നിവ കൃത്യമായി രേഖപ്പെടുത്തിയ O(A) മിനറൽ ട്രാൻസിറ്റ് പാസ്സുകൾ ഉണ്ടായിരിക്കേണ്ടതും ഈ രേഖപ്പെടുത്തലുകൾക്കു മുകളിൽ പാസ് ഉടമ സുതാര്യമായ സെല്ലോ ടേപ്പ് പതിച്ചിരിക്കുകയും വേണം. ഇപ്രകാരം ഉള്ള പാസ്സുകൾ മാത്രമേ നിയമപ്രകാരമുള്ള പാസ് ആയി പരിഗണിക്കുകയുള്ളൂ. കേരള മിനറൽസ്(അനധികൃത ഖനനം, സംഭരണം, കടത്തൽ തടയൽ) റൂൾസ് 2015 റൂൾ 25,26 പ്രകാരമുള്ള ഫോം O(A)പാസ്സിലെ 8 നിബന്ധനകളിൽ ഏതെങ്കിലും ലംഘിച്ചതായി ബോദ്ധ്യമായാൽ ബന്ധപ്പെട്ട വാഹനങ്ങൾ, MM(DR) Act 1957 സെക്ഷൻ 21 സബ്-സെക്ഷൻ 4 പ്രകാരം 06.05.15 ലെ 55/2015/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുക്കുന്നതും നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

6. ജെ.സി.ബി മുതലായ എർത്ത് എസ്കവേറ്ററുകൾ ഉപയോഗിച്ചുള്ള ധാതു ഖനനം പൊതുജനാരോഗ്യത്തിനും സ്വൈര്യ ജിവിതത്തിനും ഹാനികരമായതിനാൽ പൊതുജന താൽപ്പര്യം മുൻനിർത്തി രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണിവരെ മാത്രമേ ഖനനം നടത്തുവാൻ പാടുള്ളൂ. ടി സമയ പരിധിയ്ക്കുള്ളിലല്ലാത്ത എല്ലാ ഖനന പ്രവർത്തനവും പൊതുജനാരോഗ്യത്തിന് ഹാനികരമായ പ്രവൃത്തി ആയി കണക്കാക്കി 1973 ലെ ക്രിമിനൽ നടപടി നിയമ പ്രകാരം നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പരിസ്ഥിതി അനുമതി കിട്ടിയവ അടക്കം എല്ലാ ഖനന പ്രവർത്തനങ്ങൾക്കും ടി നിയന്ത്രണം ബാധകമായിരിക്കും.
7. പൊതുജന താൽപ്പര്യം മുൻനിർത്തി കടത്താൻ അനുമതി ലഭിച്ച ധാതു നീക്കം ചെയ്യുന്നതിനുള്ള വാഹനഗതാഗതം കോട്ടയം ജില്ലയിലൊട്ടാകെ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെയായി നിജപ്പെടുത്തി ഉത്തരവാകുന്നു. അനുവദിച്ച സമയത്തിനുള്ളിൽ കോട്ടയം ജില്ലാ പരിധിയിൽ വാഹനം സഞ്ചാരം പൂർത്തിയാക്കേണ്ടതാണ്.ഇപ്രകാരമുള്ള വാഹനങ്ങളിൽ ഓവർ ലോഡ് പാടില്ലാത്തതാണ്. പൊതുസ്ഥലത്ത് പൊടി ശല്യം ഒഴിവാക്കുന്നതിന് പൊടി പറക്കാത്ത വിധം പടുതകൊണ്ട് ശരിയായി മൂടിയശേഷം മാത്രമേ ലോഡു കൊണ്ടുപോകുവാൻ പാടുള്ളൂ. ഗാർഡൻ നെറ്റ് ഇതിനായി ഉപയോഗിക്കുവാൻ പാടില്ല. കൂടാതെ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സമയവും ഇതോടൊപ്പം പാലിക്കേണ്ടതാണ്( രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകിട്ട് 4 മണി മുതൽ 5 മണി വരെയും)
8. പൊതുഅവധി ദിവസങ്ങളിൽ മേൽ വിവരിച്ച ധാതുക്കൾ ഖനനം നടത്തുന്നതും കടത്തിക്കൊണ്ടു പോകുന്നതും ജനങ്ങളുടെ സ്വൈര്യ ജിവിതത്തിന് വിഘാതമാകുന്നതിനാൽ കർശനമായി നിരോധിച്ചിരിക്കുന്നു. പൊതുവായതും അടിയന്തിര പ്രാധാന്യമുള്ളതുമായ സർക്കാർ /പൊതുമേഖലാ ആവശ്യങ്ങൾക്കു ടി ധാതുക്കൾ കൊണ്ടു പോകുന്നതിന് ടി ആവശ്യം മുൻനിർത്തി ബന്ധപ്പെട്ട വകുപ്പ് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകേണ്ടതും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധനയ്ക്കു ശേഷം ജില്ലാ കളക്ടർ ആവശ്യമായ ഇളവുകൾ നൽകി പ്രത്യേക ഉത്തരവ് നൽകുന്നതുമാണ്.
9. കടത്തുന്ന മണ്ണ് റവന്യൂ രേഖകളിൽ നിലം ആയി രേഖപ്പെടുത്തപ്പെട്ട സ്ഥലത്ത് നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ വാഹനം പിടിച്ചെടുക്കേണ്ടതും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണം നിയമം 2008 പ്രകാരം നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്.
10. 8 മീറ്ററിൽ താഴെ വീതിയുള്ള റോഡിൽ കൂടി 12 മെട്രിക് ടണ്ണിൽകൂടിയ ഭാരവണ്ടികൾസഞ്ചരിക്കാൻ പാടില്ല എന്ന നിയമ പ്രകാരമുള്ള ബോർഡുകൾ പൊതുമരാമത്ത് വകുപ്പ് നിരപ്പ് വിഭാഗം സ്ഥാപിക്കേണ്ടതാണ്
11. അനുവദിച്ച O/A പാസിൽ കൃത്രിമം കാണിക്കുകയോ വ്യാജരേഖകളുടെ സഹായത്താൽ ധാതുക്കൾ നീക്കം ചെയ്യുന്നതോ പിടിക്കപ്പെട്ടാൽ ക്രിമിനൽ കേസെടുത്ത് നടപടി സ്വീകരിക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് അറിയിപ്പ് നൽക്കേണ്ടതാണ്

ഈ ഉത്തരവ് കൃത്യമായും കർശനമായും നടപ്പിൽ വരുത്തുന്നുണ്ട് എന്ന് ജില്ലയിലെ പോലീസ് വിഭാഗം, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ ഡിവിഷണൽ ഓഫീസർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള റവന്യൂ വകുപ്പ ഉദ്യോഗസ്ഥർ എന്നിവർ ഉറപ്പ വരുത്തേണ്ടതാണ്. പൊതുജനാരോഗ്യവും സ്വൈര്യ ജീവിതവും പരിസ്ഥിതി

സംരക്ഷണവും ഉറപ്പ വരുത്തുന്നതിന് മേൽ ഉത്തരവു ലംഘിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

2018-ാം വർഷം ജാനുവരി മാസം 19-ാം തീയതി എന്റെ കൈയൊപ്പോടുകൂടി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(ഒപ്പ്)

**ജില്ലാ മജിസ്ട്രേറ്റ്, കോട്ടയം**

പകർപ്പ്;

1. ജില്ലാ പോലീസ് മേധാവി, കോട്ടയം.
2. റവന്യൂ ഡിവിഷണൽ ഓഫീസർ, പാലാ/കോട്ടയം./ എല്ലാ ഡെപ്യൂട്ടി കളക്ടർമാർക്കും.
3. ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം.
4. തഹസിൽദാർ /തഹസിൽദാർ (എൽ ആർ) കോട്ടയം/മീനച്ചിൽ/വൈക്കം/കാഞ്ഞിരപ്പള്ളി/ചങ്ങനാശ്ശേരി.(എല്ലാ വില്ലേജ് ഓഫീസർമാർക്കും നൽകുന്നതിന്)
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോട്ടയം.
6. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, കോട്ടയം. (എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുന്നതിന്)
7. പൊല്യൂഷൻ കൺട്രോൾ ബോർഡ്, കോട്ടയം.
8. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, കോട്ടയം.
9. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും.
10. പൊതുമരാമത്ത് വകുപ്പ് (നിരത്ത് )വിഭാഗം, കോട്ടയം
11. ജില്ലാ കളക്ടറുടെ വെബ് സൈറ്റിലേക്ക്.